The motion was passed.

The grant was made.

DEMAND VII—EXCISE DEPARTMENT.

C. O. Madhavan: Sir, I rise to move for a grant not exceeding Rs. 6,12,826 under Demand VII—Excise Department.

Mr. J. John Kattakayam: സർ, ഈ ഡിപ്പാർട്ടുമെൻറിലുള്ള ഭേദഗതികളെപ്പറ്റി പറയണമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്. 'കനകംമൂലം കാമിനിമൂലം കലഹം ബഹുവിധമുലകിൽ സുലഭം' എന്നാണ് കുഞ്ചൻനമ്പ്യാർ പാടിയിരിക്കുന്നത്. നമ്പ്യാക്ക് മദ്യത്തെപ്പറ്റി ഒന്നും അറിഞ്ഞുകൂടെന്നാണ് തോന്നുന്നത്. ഇഞ്ചത്തെഴുത്തച്ഛനായിരുന്ന അപ്രകാരമൊന്ന പാടിയിരുന്നതെങ്കിൽ നിശ്ചയമായും കള്ളും കനകവും പെണ്ണും മൂലമാണ കലഹങ്ങളുണ്ടാകുന്നതെന്ന പറയുമായിരുന്ന. കള്ളുനിമിത്തമാണ ഇവിടെയുള്ള സകല കൊലപാതകങ്ങളും നടക്കുന്നതെന്ന എനിക്കുതോന്നുന്നു. മീനച്ചിൽതാലൂക്കിൽ നടന്ന കൊലപാതകങ്ങളുടെ ഒരു ലിസ്റ്റ് ചോദിച്ചപ്പോൾ അതു ഹാജരാക്കിക്കൊണ്ട അതിന്റെ കാരണത്തെപ്പറ്റി പോലീസു കമ്മിഷണർ പറഞ്ഞത് ഏതെങ്കിലും ഒരു പാർട്ടി മദ്യപാനിയായിരുന്ന എന്നാണ്. മറു താലൂക്കുകളെ അപേക്ഷിച്ച് മീനച്ചൽ താലൂക്കിൽ കൊലപാതകങ്ങൾ കൂടുതലായി കാണുന്നതിനുള്ള കാരണം അതാണെന്ന് അദ്ദേഹത്തിനു നല്ലപോലെ അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഇത്ര ഭയങ്കരമായ ഒരു വിഷദ്രാവകത്തെ നമ്മുടെ ഗവണ്മെൻറു ജനങ്ങളുടെ ഇടയിൽ എത്രത്തോളം പ്രചരിപ്പിക്കുവാൻ കഴിയുമോ അത്രത്തോളം പ്രചരിപ്പിക്കുന്നതായിട്ടാണ കാണുന്നത്. രാജ്യഭരണറിപ്പോർട്ടിൽ ഒരു ഭാഗത്ത് ഗവണ്മെൻറു ഇപ്രകാരം പറയുന്നു:—

'മദ്യം ഉപയോഗിക്കുന്നവർക്ക ആ പദാർത്ഥം ലഭിക്കുന്നതു കഴിയുന്നതും പ്രയാസമാക്കുകയാണ ഗവണ്മെൻറിന്റെ നയം. കടപ്പുകളുടെ എണ്ണം കുറക്കുക മദ്യങ്ങളുടെ തീരുവ വർദ്ധിപ്പിക്കുക മുതലായ ഡിപ്പാർട്ടുമെൻറു സംബന്ധിച്ചുള്ള നിരോധനവ്യവസ്ഥകളും മദ്യപാനത്തെ നിയന്ത്രണംചെയ്യുന്ന ശക്തികളാകുന്നു. മദ്യം ഉപയോഗിക്കാത്തവർക്ക് അതിലേക്കുള്ള ആസക്തി ജനിക്കാതിരിക്കുന്നതിനും മദ്യപാനികളുടെ ഇടയിൽ അമിതത്വം കുറക്കുന്നതിനും വേണ്ട എല്ലാ ഏർപ്പാടുകളും അതീസൂക്ഷ്മതയോടുകൂടി ചെയ്തുവരുന്നു".

ഗവണ്മെൻറിന്റെ ഭരണനയം ഇപ്രകാരമാണെന്നെല്ലാം ഘോഷിക്കുന്നുണ്ടെങ്കിലും ഡിപ്പാർട്ടുമെൻറിന്റെ നയം ഇതിനു നേരെ വിപരീതമായിട്ടാണ് കാണുന്നതു. മീനച്ചിൽ, തൊടുപുഴ, മൂവാറ്റുപുഴ മുതലായ താ

LIBRARY ARCHIVES Kerala Legislative Assembly

[Mr J.John Kattakayam]

ലൂക്കുകളിൽനിന്നും കൂടുതൽ മദ്യം ചെലവാക്കുന്നതിനു ഡിപ്പാർട്ടുമെൻറു രഹസ്യമായിട്ട് അനുവദിക്കാറുണ്ടെന്നുള്ളതിനു എത്ര ഉദാഹരണങ്ങളും വേണമെങ്കിലും എടുക്കാം. കൺട്രാക്ടർമാരെക്കൊണ്ടു കൂടുതൽ തുകക്കു് ഷാപ്പുകളം ലേലത്തിലെടുപ്പിക്കുന്നതിനുള്ള ഒരു വിദ്യയായിട്ടും ഈ പ്രോൽസാഹനത്തെ ഗണിക്കാവുന്നതാണു്. അബ്കാരി റഗുലേഷൻപ്രകാരം ന്യായമായി ഷാപ്പുകളം നടത്തിക്കൊണ്ടുപോകുന്ന കൺട്രാക്ടർമാക്കു ഒടുവിൽ അവക്കു ഉണ്ടായിരുന്ന വസ്തുക്കളംകൂടി നശിച്ചുപോകുന്നതായിട്ടാണു കണ്ടുവരുന്നതു്. എക്സൈസ്ഡിപ്പാർട്ടുമെൻറു മേധാവിക്കു് ഇങ്ങനെ രഹസ്യമായുള്ള പ്രചരണത്തെപ്പറ്റി അറിയാമോ എന്നു എനിക്കു നിശ്ചയമില്ല. ഏതായാലും കീഴ്സിൽബന്ധികളുടെ ഒത്താശയോടും സഹായസഹകരണങ്ങളോടുംകൂടി ഓരോ പ്രദേശങ്ങളിൽ നടക്കുന്ന അഴിമതികളും കണക്കില്ല. വ്യാജവാറും വ്യാജച്ചെത്തും വ്യാജവിൽപനയും തടയുന്നതിനു സ്പെഷ്യൽപാർട്ടികളെ വയ്ക്കാറുണ്ടു്. പക്ഷെ അവർ പരിശോധിക്കാൻ ചെല്ലുന്നതു ഏതു സ്ഥലത്തു പരിശോധിക്കുവാൻ നിശ്ചയിക്കുന്നുവൊ ആ സ്ഥലത്തുള്ള എക്സൈസ് സിൽബന്ധികളും നേരത്തെ അവരുടെ പ്രോഗ്രാം വിതരണം ചെയ്യും. പിന്നെയെങ്ങിനെയാണു് ഇവയെല്ലാം കണ്ടുപിടിക്കുവാൻ സാധിക്കുന്നതു്?

മീനച്ചിൽതാലൂക്കിൽ ആ താലൂക്കുകാരനായ ഒരുഎക്സൈസ് ഇൻസ്പെക്ടരെ തന്നെ അവരോധിച്ചു. കഴിഞ്ഞ കൊല്ലത്തേക്കാൾ ൨൫൦൦൦ രൂപ കൂടുതൽ തുകക്കാണു ഈതാലൂക്കിലെ ഷാപ്പുകളം ലേലത്തിൽ പോയിട്ടുള്ളതു. എൻറെ നിയോജകമണ്ഡലത്തിൽപ്പെട്ട താലൂക്കുകളിൽ ഒന്നായ തൊടുപുഴത്താലൂക്കിൽ ഷാപ്പുലേലം ചെയ്ത അവസരത്തിൽ വല്ല പക്ഷപാതവും കമ്മിഷണർ ചെയ്തേക്കുമോ എന്നുള്ള സംശയം ചിലർ പറഞ്ഞറിഞ്ഞതുകൊണ്ടു ഞാൻകൂടി പോയിരുന്നു. കമ്മിഷണർ നിഷ്പക്ഷമായിരുന്നതെയുള്ളു. പക്ഷെ ഷാപ്പുകളം കുറഞ്ഞതുകക്കു് കൊടുക്കാൻ സമ്മതിച്ചില്ല. കുറഞ്ഞ തുകക്കു് ലേലംവിളികേട്ട ആളുകളുടെ പേരിൽ ലേലം ഉറപ്പിക്കുവാൻ അദ്ദേഹം തയാറായില്ല. അവിടെ സാമ്പത്തികാധഃപതനംകൊണ്ടു പഴയ തുകക്കു തന്നെ ഷാപ്പുകളം ലേലത്തിൽ പോകാതെ വിഷമിക്കുന്നു. മീനച്ചിലിലെ സ്ഥിതി അതല്ല. അതു ഡിപ്പാർട്ടുമെൻറിനറിയാമായിരുന്നിട്ടായിരിക്കണം സ്വദേശിയായ ഒരു ഇൻസ്പെക്ടരെതന്നെ അവിടെ നിയമിച്ചിരിക്കുന്നതു്. എന്തിനാണു ഇങ്ങിനെ കൂടുതൽ തുക കിട്ടണമെന്നു ഗ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വണ്മെൻറു വിചാരിക്കുന്നത്? ഇതിൻെറ മുഖ്യശം ഗവണ്മെൻറു കാണുന്നുണ്ടോ? കോട്ടയത്തു എന്തുകൊണ്ടാണ് മൂന്നു സെഷൻ ജഡ്ജിമാരെ വളരെക്കാലമായിവച്ചുസംരക്ഷിച്ചുപോരുന്നതു? പറവൂർ ജില്ലാക്കോടതിയിൽ ഒരു ജഡ്ജിമാത്രമെയുള്ളു. ആലപ്പുഴെ എത്ര ജഡ്ജിമാരുണ്ടു? കൊല്ലത്തു് എത്രയുണ്ട്? തിരുവനന്തപുരത്തു എത്രയുണ്ട്? നാഗർകോവിലിൽ എത്രയുണ്ട്? ൨൫൦൦൦ രൂപ കൂടുതൽ ആദായം കിട്ടുന്നതിനാണോ കോട്ടയത്തു ഇത്രവളരെ സെഷൻജഡ്ജിമാരെ നിയമിച്ചിരിക്കുന്നതു്? കോട്ടയം സെഷ്യൻ ജഡ്ജിമാരുടെ ജോലിയെ വർദ്ധിപ്പിക്കുന്നതും അവരെ നിരന്തരം അവിടെതന്നെ പ്രതിഷ്ഠിക്കുവാൻ ഇടയാക്കുന്നതും മീനച്ചൽതാലൂക്കു നിവാസികളുടെ മദ്യപ്രിയം ഒന്നുമാത്രമാണ്. മദ്യഷാപ്പിനത്തിൽ കിട്ടുന്ന തുകയേക്കാൾ എത്രയോ ഭീമമായ തുക പ്രതിവർഷം ഗവണ്മെണ്ടിലേക്കു മദ്യഷാപ്പു മൂലമുള്ള ഒമ്മരണം ആദിയായവകയ്ക്കും മറ്റുമായി ചിലവായിക്കൊണ്ടിരിക്കുന്നു എന്നു അതിൻെറ സൂക്ഷ്മവിവരക്കണക്കെടുത്താൽ ഗവണ്മെണ്ടിനു് അറിയാൻ സാധിക്കുന്നതാണ്.

ദേവാലയങ്ങളുടെ സമീപത്തും പള്ളിക്കൂടങ്ങളുടെ സമീപത്തും മറ്റും ഷാപ്പുകൾ സ്ഥാപിക്കരുതെന്നാണു ചട്ടം. തിരുനാൾ, ഉൽസവം ആദിയായ വിശേഷാവസരങ്ങളിൽ മദ്യവില്പനക്കാർ ഇവയെ അവഗണിച്ചുപ്രവർത്തിച്ചുവരുന്നുണ്ടു്. അതു തടയുന്നതിനു മുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ കൺമുൻപിൽ വെച്ചുതന്നെ നടത്തുന്നുണ്ടു്. പക്ഷെ ഇതൊന്നും കമ്മീഷണർ സമ്മതിക്കുകയില്ലായിരിക്കും.

ചില കടകളിൽ സോഡയോടു ചേർത്തും കള്ളും ചാരായവുംകൊടുക്കാറുണ്ടു്. ഞാൻ തന്നെ അതു കണ്ടിട്ടുണ്ടു്. എത്ര പരിതാപകരമായ ഒരു കാഴ്ചയാണിതെന്നു നോക്കുക. ഈ തരത്തിലുള്ള നിരന്തര ഉപയോഗം കൊണ്ടായിരിക്കണം ഈയിടെ വിദ്യാലയങ്ങളിൽനിന്നുംപുറത്തിറങ്ങുന്ന കുട്ടികൾ മദ്യപാനാസക്തി കൂടുതലുള്ളവരായിക്കാണുന്നതു്. ഇങ്ങിനെ ഓരോ തരത്തിലുള്ള അനീതികളും അഴിമതികളും ഈ ഡിപ്പാർട്ടുമെൻറിൽ നടക്കുന്നുണ്ടു്. എക്സൈസ് കമ്മീഷണർ സമ്മതിക്കുകയാണെങ്കിൽ ഞാൻ ഇതെല്ലാം അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തിക്കൊടുക്കാം. ഞങ്ങളുടെ പ്രദേശങ്ങളിൽ എവിടെ ഈഴവരുടെ വീടുണ്ടോ അവിടെ കള്ളു വില്പനയും നടക്കുന്നുണ്ടു്. അദ്ദേഹം ഒരു പ്രോഗ്രാം എനിക്കു തരട്ടെ. ഞാൻ അതനുസരിച്ചു് പ്രവർത്തിക്കാം. അല്ലെങ്കിൽ ഞാൻ ഒരു പ്രോഗ്രാം അദ്ദേഹത്തിനു കൊടുക്കാം. അദ്ദേഹം എൻെറ കൂടെ വരട്ടെ. ഇങ്ങിനെയുള്ള അഴിമതികളെപ്പറ്റി പല പ്രാവ

[Mr. J John Kattakayam]

ശ്യവും അധിക്ഷേപമുണ്ടായിട്ടും അതിനു തെല്ലെങ്കിലും ശമനം വരുത്താതെ ഗവണ്മെൻറിരിക്കുന്നതെന്താണെന്നാണു ഞാൻ ചോദിക്കുന്നതു്. ഞങ്ങളുടെ ഈ വക അഭിപ്രായങ്ങളെയും അപേക്ഷകളെയും കേവലം വനരോദനംപോലെയാക്കിക്കളയുന്നതെന്തുകൊണ്ടാണു്? ഇതു അനാശാസ്യമായിത്തീരുന്ന ഒരു സാധനത്തെ യാതൊരു നിയന്ത്രണവുമില്ലാതെ ക്രയവിക്രയം ചെയ്യാൻ അനുവദിക്കുന്നതു അഭിലഷണീയമല്ല.

Mr. Komilezhathu Sankaran : സാധനം അനാശാസ്യമായിത്തീരുന്നതു് കുടിക്കുന്നവക്കാണോ, അതൊ, അതു കൊടുക്കുന്നവക്കാണോ?

Mr. J. John Kattakayam: രണ്ടു കൂട്ടക്കും അനാശാസ്യം തന്നെ. തൊഴിലൊന്നുമില്ലെങ്കിൽ ചെത്തുവ്യവസായത്തിലും ഭേദം തോട്ടിപ്പണിതന്നെയായിരിക്കുമെന്നാണെനിക്കു തോന്നുന്നതു്.

ജനങ്ങളെ കഴുയുന്നിടത്തോളം കുടി പഠിപ്പിക്കുക എന്നുള്ളതാണു് ഗവണ്മെൻറിൻെറ നയമെന്നു തോന്നുന്നു. ഒരുവൻ എപ്പോൾമുതൽ മദ്യപാനിയായിത്തീരുന്നുവോ അപ്പോൾ മുതൽ അവൻെറ സദാചാരപം നശിക്കും; അവനു മുൻപുണ്ടായിരുന്ന നല്ല ഗുണങ്ങളും അന്നുമുതൽ അവനോടു ഓരോന്നായി യാത്രപറഞ്ഞു തുടങ്ങും അവൻ മറ്റുദുർഗുണങ്ങൾക്കു വിധേയനായിത്തീരുകയും ചെയ്യും.

അതുകൊണ്ടു് മദ്യത്തിൽനിന്നുള്ള ആദായം ഗവണ്മെൻറു എന്നു പേക്ഷിക്കുന്നുവൊ, അന്നുമാത്രമെ സമാധാനവും സന്തുഷ്ടിയും നാട്ടിൽ സംജാതമാകയുള്ള. മദ്യത്തെക്കാൾ എത്രയൊ നല്ല വേറെ പാനിയങ്ങൾ നമ്മുടെ നാട്ടിൽ സുലഭങ്ങളായിട്ടുണ്ടു്. തെങ്ങിൽനിന്നും കിട്ടുന്ന കരിക്കിൻവെള്ളം എത്ര സ്വാദേറിയ ഒരു പാനീയമാണു്, അതു ധാരാളം കുടിച്ചു കൊള്ളട്ടെ, എന്തിനു ജനങ്ങൾ സ്വബുദ്ധിയെ നശിപ്പിക്കുന്ന വിഷദ്രാവകമായ ഈ കള്ളു കുടിക്കുന്നു എന്നു ഞാൻ ചോദിക്കുന്നു.

Mr. Kochikal P. Balakrishnan Tampi : മെമ്പർ ഒരു മധുവർജനപ്രസംഗം ചെയ്യുകയാണോ?

Mr. J John Kattakayam. ഞാൻ എക്സൈസ് വകുപ്പിൽ കൊണ്ടുവന്ന ധനാഭ്യർത്ഥനയെ സ്പർശിച്ചു ഒരു പ്രമേയം അവതരിപ്പിച്ചു കൊണ്ടു പ്രസംഗിക്കുകയാണു, മെമ്പർ ഏതു തരത്തിൽ ധരിച്ചാലുംവിരോധമില്ല

LIBRARY ARCHIVES Kerala Legislative Assembly

ഷാപ്പ് കൺട്രാക്ട് പിടിക്കാൻ വരുന്നവർ അവരുടെ സ്വത്തു ക്കൾ അവരുടെ വിശ്വസ്തന്മാരുടെ പേരിൽ വേണ്ടിവന്നാൽ പാപ്പർ ഹർജി പോലും കൊടുക്കുവാൻ തയ്യാറായിട്ടാണ് വരുന്നത്. ലേല ദിവസത്തോട് അടുത്ത ദിവസമേ പാരായിരണം പറക്കുകയുള്ളൂ. ഷാപ്പുകൾക്ക് ഭീമമായ ലാഭമെങ്കിൽ തവണകൾ മുടക്കാറില്ല. ലാഭം കുറവെങ്കിൽ തവണ മുടക്കം മുതൽ മുടക്കം ആദിയായവക്ക് വിധേയനായിതീരുന്നു. ലേലത്തിൽ സംബന്ധിക്കുന്ന ആളുകളുടെ ക്രൂരതീരുവയെപ്പറ്റി പ്രവർത്തികാരോട് ചോദിച്ചാൽ ഇത്ര ക്രൂരം തീരുവ ഉണ്ടെന്നൊക്കെ പറയും. ഒടുവിൽ ഒറക്കാശ്ശ് അയാളിൽനിന്നും ഈടാക്കാൻ നിവൃത്തിയില്ലാതെയും വരും. ഗവണ്മെൻറിനെ കളിപ്പിക്കുകയാണ് ഇങ്ങിനെയുള്ളവർ ചെയ്യുന്നത്. ഗവണ്മെൻറിനെ കളിപ്പിക്കുന്നവരെ ഗവണ്മെൻറും കളിപ്പിക്കണം. അവർ മറവു ചെയ്തിരിക്കുന്ന സ്വത്തിൽനിന്നും ഈടാക്കുവാനുള്ള ഇക ഈടാക്കാനുള്ളതാണ്.

Mr. Komilezhathu Sankaran : ഈ സാഹചര്യത്തിൽ പുതുതായി ഷാപ്പുകളുടെ കടിശ്ശിക എഴുതുകയിൽ ഒരു സൗജന്യവും ചെയ്തുകൊടുക്കരുതെന്നാണോ മെമ്പർ പറയുന്നത്?

Mr. J. John Kattakayam : അങ്ങിനെ ഞാൻ പറഞ്ഞില്ല. കാപട്യം കാണിക്കുന്നവരോട് യാതൊരു ദാക്ഷിണ്യബുദ്ധിയും ഗവണ്മെൻറ് പ്രകടിപ്പിച്ചുകൂടാ എന്നാണ് ഞാൻ പറഞ്ഞത്. മറ്റുള്ള ആളുകളും മേലാൽ ഇപ്രകാരമുള്ള കാപട്യം പ്രവർത്തിക്കാതിരിക്കുന്നതിനുള്ള ഒരു മാർഗ്ഗദർശകമായി ഇതു ഭവിക്കേണ്ടതാണ്.

Mr. K. P. Nilakanta Pillai: Sir, I also oppose the demand. Last year when this demand was discussed in the House, I gave vent to certain opinions regarding the inefficient working of the department and they were then seriously challenged by the learned Excise Commissioner. Sir, when he advanced the argument last year, on the floor of this House that the fall in the excise revenue was due to the economic depression still prevailing in the State, I challenged him and advanced several arguments in support of my proposition that it was not due to the economic depression but mainly due to the inefficient administration of the department that Government have been made to suffer heavy loss of revenue from the Excise Department. It is not a small matter, Sir. Of course, when we advocate from this side of the House prohibition and reduction of revenue from abkari the fact that our budget is mainly dependent upon the revenue derived from this department cannot and should not be forgotten. Sir, I can understand, by efficient working, the department will be able to bring down the drink evil and a consequent reduction of the re-

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Nilakanta Pillai]

venue, but that would be regarded as an indirect blessing, that is to say, there will be proportionately more prosperity in the country.

Now, a review of the working of this department for the past three years and the Government order passed after reviewing the administration of this department for the year 1110 will convince every one that on account of inefficient management of the department the Government have been made to suffer heavy loss of revenue on the one hand and on the other hand, illicit tapping, illicit distillation and that sort of illegal things which should have been brought down by a firm hand are in advance to-day.

Sir, I do not wish to take much of the time of the House by explaining these matters further. I will only extract some portions of my speech last year when this demand was under discussion

> "The arrears to be collected is Rs. eight and odd lakhs. That leads to one thing. How did these arrears creep up? It is the policy of the department to show efficiency in the working of the department from the fact that shops were sold for a comparatively higher rate for a particular year. It is within our knowledge how the excise authorities exert undue pressure upon those who are interested in bidding shops as a result of which the department found it difficult to realise the money from the bidders."

Now I propose to read the Government order on the working of this department for the year 1110. On page 3, it is said

> "If the Excise Commissioner had exercised greater care in the selection of his contractors such large accumulation of arrears could have been avoided. Notwithstanding the clear and specific instructions issued to the Excise Commissioner in paragraph 5 of the G. O. D. Dis. No. 570/35/Devpt., dated the 23rd March 1935 that he should take immediate steps to clear all the old arrears, sustained effort does not appear to have been made by the department in this direction. Government trust that the Commissioner will spare no efforts for the clearance of old arrears by taking personal interest in the matter and by impressing on the Assistant Excise Commissioners and Inspectors that any neglect in this respect will entail severe punishment"

The same warning has been given by Government last year also. I fail to understand what exactly is the effect of this kind of review and warning issued to different departmental heads, when they are not heeded to by the heads of departments. As a result within the last three years during which the present Commissioner has been the head of this department, on account of ill-choice of contractors and on account of general inefficiency in which the department is worked, a large sum of Rs. 8 lakhs was in arrears. The Commissioner has

LIBRARY ARCHIVES Kerala Legislative Assembly

been warned year after year that he must look sharp and collect all arrears and it reached its climax last year when the Commissioner confessed that he has been mistaken, that it has not been possible for him to collect the considerable portion of the arrears and so he pleaded that the arrears may be written off. Mind Rs. 8 and odd lakhs to be written off. When we find it difficult to get even a lakh of rupees to be spent towards nation-building activities, here is a case where the venerable head of a department begs, rather seriously, for writing off Rs. eight and odd lakhs. He could have refused to give more trees to be tapped. That would have been more advantageous and better prosperity in the country would have been the result. But even last year he enhanced the number of trees to be tapped, but the quantity tapped is less. How is this possible? I may say in this House that I am not unnecessarily accusing an officer. His tour is very unsatisfactory. He has been warned on that also. This is not the type of officers that we want. We want officers who will act up to the aspirations of the people and Government.

Then, Sir, I will invite the attention of the members to page 61 which gives the number of cases detected in each Excise Division. When the average is 200 for every other division, in Kottayam alone 896 cases have been detected. With a view to prevent this, a special party was sent out and in 9 days that special party has been able to detect 21 cases. We got very fabulous reports in papers to the effect that the Excise Commissioner's assistants including responsible Assistant Commissioners joined together with the contractors and they conducted a regular open campaign in removing a large number of palmyra trees tapped illicitly. After all this the special party was recalled after 9 days. When that special party detected 21 cases in 9 days, is there any surprise that our revenue has gone down? I can assure you, Sir, that in Kottayam Division every house is being converted into a toddy shop but without license—that is the only difference.

And the Excise Commissioner has to attend the Harbour Conferences. What is taking place in these conferences we do not know, and what exactly is his capacity to represent us we do not know. For important matters we have to select and send some other man. He is something like a dummy. He goes on tour and gets his T. A. No work is done satisfactorily. His normal work in the department also is not satisfactory and Government have given him the certificate of merit which he deserves.

Now I come to another charge. Recently we came across a series of articles in the "Malayali" accusing the Commissioner for

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Nilakanta Pillai.]

his partiality shown to different licensees of salt factories. It is alleged that, on account of undue pressure brought to bear upon him, salt subsequently manufactured was allowed to be sold first, so that those licensees who had not been given justice suffered heavy loss. I am not here concerned with the manufacture of salt but with the Commissioner's action in giving preference. I would like to know whether all these are true, or whether they are challenged by the Commissioner.

Mr. M. P. Madhavan Pillai: സർ, ഈ ഡിപ്പാർട്ടുമെൻറിന്റെ ഭരണത്തേയും നടപടികളേയും പറ്റിയും മറും ചില വിവരങ്ങൾ ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നു ഞാനും വിചാരിക്കുന്നു. ഓരോ ഡിപ്പാർട്ടുമെൻറിലേയും മേധാവിക്കും അതതു ഡിപ്പാർട്ടുമെൻറിൽ കിട്ടാനുള്ള ആദായത്തിൽ യാതൊരു കുറവും വരുത്താതെ ഈടാക്കണമെന്നുള്ള നിർബന്ധബുദ്ധിയോടുകൂടിയാണിരിക്കുന്നതെന്നുള്ളതു് പ്രത്യക്ഷത്തിൽ കണ്ടുകൊണ്ടിരിക്കുന്നു. ഓരോ ഡിപ്പാർട്ടുമെൻറിലെ മേധാവികൾക്കും അതായതു ഡിപ്പാർട്ടുമെൻറിലെ തുകകൾ മുഴുവനും ഈടാക്കാതിരിക്കുന്ന പക്ഷം അതു മേധാവിയുടെ പിടിപ്പില്ലായ്മകൊണ്ടാ അല്ലെങ്കിൽ താണി ഇല്ലായ്മകൊണ്ടോ ആണു് അങ്ങനെ സംഭവിക്കുന്നതെന്നാണു് ഗവണ്മെൻറും കരുതുന്നതെന്നു തോന്നുന്നു. അതുകൊണ്ടു തങ്ങളുടെ ഡിപ്പാർട്ടുമെൻറിലെ തുകകൾ മുഴുവനും ഈടാക്കുന്നതിനുള്ള ഉഗ്രമായ ആജ്ഞകൾ കീഴ്സിൽബന്ധികൾക്കു കൊടുക്കുന്നു. ആദായത്തിനു കുറവു കാണുമ്പോൾ എക്സൈസു കമ്മീഷണർ അസിസ്റ്റൻറു കമ്മീഷണരെ താക്കീതു ചെയ്യുന്നു, അസിസ്റ്റൻറു എക്സൈസു കമ്മീഷണർ അതായതു താലൂക്കിലുള്ള രേഞ്ചു് ഇൻസ്പെക്ടറന്മാരേയും താക്കീതു ചെയ്യുന്നു. സബ് ഇൻസ്പെക്ടറന്മാർ തങ്ങളുടെ കീഴിലുള്ളവരേയും കുറപ്പെടുത്തും. ആ നിലയിൽ ആദായത്തിനു് ഒട്ടും കുറവുവരുത്താതെ കീഴ്സിൽബന്ധികളെക്കൊണ്ടു പിരിപ്പിച്ചെടുക്കുന്നതിൽ ഡിപ്പാർട്ടുമെൻറു മേധാവി ബദ്ധശ്രദ്ധനായിരിക്കുന്നുണ്ടു്.

Chairman: The House will now adjourn and reassemble at 11 o'clock to-morrow.

The Council adjourned at 5 P. M.

P. PARAMESVARAN PILLAI,
Secretary to the Sri Chitra State Council.

LIBRARY ARCHIVES Kerala Legislative Assembly